എ.വൈ.ആർ

# സൂറ - 30 / അർറൂം

## സൂക്തം: 41 - 42

ക്ഷാമം, വരൾച്ച, ഭൂകമ്പം, കൊടുങ്കാറ്റ്, പ്രളയം, പകർച്ചവ്യാധികൾ ഇങ്ങനെ ഒട്ടനവധി നാശങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. കരയിൽ സംഭവിക്കുന്ന ഇത്തരം വിപത്തുകളൊക്കെ ദൈവവിധി എന്നാണ് മനുഷ്യൻ പറഞ്ഞുവന്നിരുന്നത്. ഈ ദൈവവിധിക്കു കാരണം മനുഷ്യന്റെ കർമങ്ങൾ കൂടിയാണെന്ന് ഇന്ന് ആളുകൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു.



ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ بِمَا كَسَبَتْ أَيْدِي النَّاسِ
لِيُذِيقَهُم بَعْضَ الَّذِي عَمِلُوا لَعَلَّهُمْ يَرْجِعُونَ ﴿٤١﴾

41. മനുഷ്യകരങ്ങളുടെ ചെയ്തികളാൽ കരയിലും കടലിലും വിനാശം പ്രകടമായിരിക്കുന്നു; അവരുടെ ചില ചെയ്തികളുടെ ഫലം അവരെ അനുഭവിപ്പിക്കാൻ. അവർ മടങ്ങിയെങ്കിലോ.

**41**

ظَهَرَ الْفَسَادُ = വിനാശം പ്രകടമായിരിക്കുന്നു, അതിജയിച്ചിരിക്കുന്നു ‏فِي الْبَرِّ = കരയിൽ ‏وَالْبَحْرِ = കടലിലും

بِمَا كَسَبَتْ أَيْدِي النَّاسِ = മനുഷ്യരുടെ കരങ്ങൾ സമ്പാദിച്ചതുകൊണ്ട് (മനുഷ്യകരങ്ങളുടെ ചെയ്തികളാൽ)

لِيُذِيقَهُم = അവരെ രുചിപ്പിക്കാൻ (അനുഭവിപ്പിക്കാൻ)

بَعْضَ الَّذِي عَمِلُوا = അവർ(വരുടെ) ചെയ്തതായ ചിലതിനെ (ചില ചെയ്തികളുടെ ഫലം)

لَعَلَّهُمْ يَرْجِعُونَ = അവർ മടങ്ങിയെങ്കിലോ

ظهور- ൽനിന്നുള്ള ക്രിയയാണ് ظهر. പ്രകടമാവുക, വെളിയിൽ വരിക എന്നും അതിജയിക്കുക എന്നും സഹായം എന്നും ظهور- ന് അർഥമുണ്ട്. അകത്തിന്റെ വിപരീതമായ പുറം ظَاهِرْ ആണ്. ഇതേ പദം ജേതാവ് എന്ന അർഥത്തിലും ഉപയോഗിക്കുന്നു. ظَاهَرَ എന്നാൽ സഹായിച്ചു, പിന്തുണച്ചു. مظاهر الحياة ജീവിതപ്രതിഭാസങ്ങളാണ്. പ്രതിഷേധ പ്രകടനത്തിന് مُظَاهَرة എന്നു പറയും. ظهر على പ്രതിയോഗിയെ കീഴടക്കി. ഈ സൂക്തത്തിൽ ظهر-ക്ക് പ്രകടമായി എന്ന അർഥവും അതിജയിച്ചു എന്ന അർഥവും സാധുവാകുന്നു. ആർജവം, ഔചിത്യം, സംസ്കൃതി, സുസ്ഥിതി തുടങ്ങിയ വിശിഷ്ടമായ ഗുണങ്ങളാർജിക്കുന്നതിനെ കുറിക്കുന്ന صَلَحَ- യുടെ വിപരീതമായ فسد- യുടെ നാമരൂപമാണ് فساد. ജീർണതയും ദുഷിപ്പും നാശവും അധഃപതനവുമെല്ലാം فساد -ൽ പെടുന്നു. فساد സംസ്കാര നാഗരികതകളിലാവാം, വിശ്വാസ ആചാരങ്ങളിലാവാം, രാഷ്ട്രീയത്തിലാവാം, സമ്പദ്ഘടനയിലാവാം, പ്രകൃതിയിലും പരിസ്ഥിതിയിലുമാവാം. برّ- ഉം بحر- ഉം പ്രചുരമായ അർഥത്തിൽ കരയും കടലുമാകുന്നു. എന്നാൽ സമുദ്ര തീരത്തുനിന്നും നദീതടങ്ങളിൽനിന്നും അകന്നു സ്ഥിതി ചെയ്യുന്ന നാടിനെ برّ എന്നും സമുദ്ര തീരത്തോ നദീതടങ്ങളിലോ സ്ഥിതിചെയ്യുന്ന നഗരങ്ങളെ بحر എന്നും അപൂർവമായെങ്കിലും പറയാറുണ്ട്. ഇവിടെ പരാമർശിച്ച برّ കൊണ്ടും بحر കൊണ്ടും ഉദ്ദേശിച്ചിട്ടുള്ളത് അതാണെന്ന് ചുരുക്കം ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഭൂരിപക്ഷം പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ളതും മുൻഗണനയർഹിക്കുന്നതുമായ അർഥകൽപന കരയും കടലും എന്നതുതന്നെയാകുന്നു. ലോകം മുഴുവൻ എന്നാണുദ്ദേശ്യം. بِمَا كَسَبَتْ أَيْدِي النَّاسِ-ന്റെ താൽപര്യം മനുഷ്യർ ചെയ്ത ദുഷ്ചെയ്തികൾ മൂലം എന്നാണ്. മനുഷ്യർ ഏകദൈവവിശ്വാസം വെടിഞ്ഞ് ദൈവത്തിന്റെ സൃഷ്ടികളെ ദൈവങ്ങളായി വരിച്ചതാണ് ഉദ്ദേശ്യമെന്ന് ചില ജ്ഞാനികൾ അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹു ഭൗതിക ലോകത്തെ- പ്രകൃതിയെ- മനുഷ്യന്റെ സുഗമമായ വാഴ്വിനു വേണ്ടതെല്ലാം സജ്ജീകരിച്ച് സ്ഥാപിച്ചിരിക്കുന്നു. അതാണ് ഭൂമിയുടെ സംസ്കൃതി -اصلاح. മനുഷ്യനെ ആത്മീയമായി സത്യജ്ഞാനത്തിന്റെ വെളിച്ചം പ്രസരിക്കുന്ന ബുദ്ധിയും ധർ

മബോധവും സദ്വികാരങ്ങളും നൽകി പാകപ്പെടുത്തിയിരിക്കുന്നു. അവയെ നേർവഴിക്കു നയിക്കാൻ പ്രവാചകന്മാരും വേദങ്ങളും അയക്കപ്പെട്ടു. മനുഷ്യൻ ഭൗതികലോകത്തെ കൂടുതൽ സംസ്കരിക്കാനും സ്വയം സംസ്കൃതനായി വികസിച്ചു വളരാനുമാണ് ഇതൊക്കെ ചെയ്തുവെച്ചത്. അകത്തും പുറത്തും- ആത്മീയവും ഭൗതികവുമായ- ഈ സംസ്കാരം ഹനിക്കരുതെന്ന് ഖുർആൻ ആവർത്തിച്ചുണർത്തുന്നുണ്ട്. لَا تُفْسِدُوا فِي الْأَرْضِ بَعْدَ إِصْلَاحِهَا -സംസ്കരണം കഴിഞ്ഞ ഭൂമിയിൽ നിങ്ങൾ നാശമുണ്ടാക്കാതിരിക്കുവിൻ (7:56,75). وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ - ഭൂമിയിൽ നാശകാരികളായി അധർമമനുവർത്തിക്കാതിരിക്കുവിൻ (2:60, 7:74, 11:75, 26:183, 29:36). പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമയുമായ ഏകദൈവത്തിന്റെ മാത്രം അടിമയായി വർത്തിക്കണമെന്നാണ് ഭൗതികവും ആത്മീയവുമായ ഈ ഗുണവിശേഷങ്ങൾ മനുഷ്യനോടാവശ്യപ്പെടുന്നത്. പ്രകൃതിയുടെ ഈ വിളി അവഗണിച്ചുകൊണ്ട് സാക്ഷാൽ ദൈവത്തെ വെടിഞ്ഞ് അനേകം വ്യാജദൈവങ്ങളെ സ്വീകരിച്ചതാണ് മനുഷ്യൻ നേരിടുന്ന സകല കുഴപ്പങ്ങളുടെയും അടിസ്ഥാന കാരണം. ഏകദൈവത്തിൽനിന്നുള്ള പിന്മാറ്റം സുസ്ഥിരമായ എല്ലാ വിശിഷ്ട മൂല്യങ്ങളിൽനിന്നുമുള്ള പിന്മാറ്റമാണ്. അങ്ങനെ പരസ്പരവിരുദ്ധമായ ജീവിതസിദ്ധാന്തങ്ങളും പ്രത്യയശാസ്ത്രങ്ങളുമുണ്ടായി. ഓരോ വിഭാഗവും തങ്ങൾ മാത്രമാണ് ശരിയെന്നഹങ്കരിച്ചു. മുഹമ്മദ് നബി(സ) ആഗതനായ ചരിത്രസന്ധിയിൽ ലോകത്തെവിടെയും ഏകദൈവത്തിന്റെ പരമാധികാരത്തിലധിഷ്ഠിതമായ ധർമവ്യവസ്ഥ നിലവിലുണ്ടായിരുന്നില്ല. ഏകദൈവ വിശ്വാസികളെന്ന് അവകാശപ്പെടുന്നവർ പോലും പ്രായോഗിക ജീവിതത്തിൽ ബഹുദൈവത്വപരമായ ധർമവ്യവസ്ഥകളാണ് അനുവർത്തിച്ചിരുന്നത്. ഓരോ വിഭാഗവും അവരവർക്ക് ബോധിച്ച ധാർമിക-നൈതിക നിയമങ്ങളാവിഷ്കരിച്ചു നടത്തിപ്പോന്നു. രാഷ്ട്രീയാധികാരവും ഭൗതിക വിഭവങ്ങളുടെ ഉടമസ്ഥതയും സ്വന്തമാക്കാൻ എല്ലാവരും മത്സരിച്ചുകൊണ്ടിരുന്നു. യുദ്ധങ്ങളും വംശഹത്യകളും നിരന്തരം അരങ്ങേറി. മനുഷ്യസംസ്കാരവും മൂല്യബോധവും ജീർണമായി. അത് പ്രകൃതിയുടെ നാശത്തിനും കാരണമായി. മനുഷ്യത്വം സമ്പൂർണമായി മൃഗീയതയിലേക്ക് വഴിമാറുന്ന ഈ സന്ദിഗ്ധ ഘട്ടത്തിലാണ് രക്ഷാസന്ദേശവുമായി മുഹമ്മദ് നബി(സ) ആഗതനായത്. കാരണമുണ്ടായാൽ കാര്യവും കാരണമുണ്ടായാൽ പ്രതികരണവുമുണ്ടാവുക പ്രകൃതിനിയമമാണ്. നാം ചെയ്യുന്ന ഏതു കർമത്തിനും നല്ലതോ ചീത്തയോ ആയ ഫലമുണ്ടാകും.

മനുഷ്യൻ നേരിടുന്ന ഏതു ആപത്തും അവന്റെ കർമഫലമാണ്. وَمَا أَصَابَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُو عَن كَثِيرٍ- 'നിങ്ങളെ ബാധിക്കുന്ന ഏതാപത്തും നിങ്ങളുടെ കരങ്ങൾ സമ്പാദിച്ചതിന്റെ ഫലമാകുന്നു. പെരുത്ത കുറ്റങ്ങൾ അവൻ മാപ്പാക്കുന്നു' (*അശ്ശൂറാ* 30). എന്നാൽ ഒരാൾ ചെയ്ത അക്രമത്തിന്റെ ഫലം ചിലപ്പോൾ അയാൾ തന്നെ അനുഭവിക്കണമെന്നില്ല. പലപ്പോഴും അതനുഭവിക്കേണ്ടിവരുന്നത് ആ അക്രമത്തിൽ പങ്കില്ലാത്തവരാവാം. അക്രമികളെ തടയേണ്ടത് സജ്ജനധർമമാകുന്നു.

وَاتَّقُوا فِتْنَةً لَّا تُصِيبَنَّ الَّذِينَ ظَلَمُوا مِنكُمْ خَاصَّةً ۖ وَاعْلَمُوا أَنَّ اللَّهَ شَدِيدُ الْعِقَابِ

'നിങ്ങളിൽ അക്രമം ചെയ്തവരെ മാത്രമായിട്ടല്ലാതെ സമൂഹത്തെ പൊതുവായി ബാധിക്കുന്ന കുഴപ്പങ്ങൾ സൂക്ഷിക്കുവിൻ. അറിഞ്ഞിരിക്കുവിൻ, അല്ലാഹു കൊടിയ ശിക്ഷകനാകുന്നു' (8:25).

ക്ഷാമം, വരൾച്ച, ഭൂകമ്പം, കൊടുങ്കാറ്റ്, പ്രളയം, പകർച്ചവ്യാധികൾ ഇങ്ങനെ ഒട്ടനവധി നാശങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. കരയിൽ സംഭവിക്കുന്ന ഇത്തരം വിപത്തുകളൊക്കെ ദൈവവിധി എന്നാണ് മനുഷ്യൻ പറഞ്ഞുവന്നിരുന്നത്. ഈ ദൈവവിധിക്കു കാരണം മനുഷ്യന്റെ കർമങ്ങൾ കൂടിയാണെന്ന് ഇന്ന് ആളുകൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. വൻതോതിലുള്ള ഖനന പ്രവർത്തനങ്ങൾ, വനനശീകരണം, വ്യവസായ ശാലകൾ നിരങ്കുശം പുറത്തുവിട്ടുകൊണ്ടിരിക്കുന്ന വിഷവാതകങ്ങൾ, ആണവ-രാസ ആയുധങ്ങളുടെ വൻതോതിലുള്ള ഉൽപാദനം, ധാർമിക സദാചാര രംഗങ്ങളിലുണ്ടാകുന്ന മൂല്യധ്വംസനങ്ങൾ തുടങ്ങിയവ മനുഷ്യജീവിതത്തിന്റെയും ഭൂമിയുടെയും പ്രകൃതിപരമായ സംസ്കൃതിയെ ആപൽക്കരമായ വിധത്തിൽ താറുമാറാക്കിക്കൊണ്ടിരിക്കുകയാണെന്ന് ഇന്ന് സാധാരണക്കാർക്ക് പോലും അറിയാം. സംഘർഷങ്ങളും യുദ്ധങ്ങളും ഇതിനു പുറമെയാണ്. ഭൂമിയിൽ വിജനമായ എത്രയോ പ്രദേശങ്ങളുണ്ട്. അനേക ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്താരമുള്ള ഭൂമി കൃഷി ചെയ്യാതെ കിടക്കുന്നു. കൃഷി ചെയ്തു ഉൽപാദിപ്പിക്കുന്ന വിളകളിൽ തന്നെ വലിയൊരുഭാഗം ഉപഭോഗിക്കപ്പെടാതെ കടലിൽ താഴ്ത്തുന്നു. അതേസമയം അനേകായിരം മനുഷ്യർ ദിനേനയെന്നോണം പട്ടിണിയാൽ മരിച്ചുകൊണ്ടിരിക്കുന്നു. അനേകലക്ഷം മനുഷ്യർ പാർപ്പിടങ്ങളിൽനിന്ന് ആട്ടിയോടിക്കപ്പെട്ട് അഭയാർഥികളായി അലഞ്ഞു നടക്കുന്നു. ആദ്യകാലത്ത് കരുത്തുള്ളവർ രാജാക്കന്മാരായി ഭൂപ്രദേശങ്ങൾ സ്വന്തമാക്കി, നാട്ടുകാരെ പ്രജകളും അടിമകളുമാക്കി. പിന്നീട് ദേശരാഷ്ട്രങ്ങൾ രൂപം കൊണ്ടു. രാഷ്ട്രങ്ങൾക്ക് കൃത്യവും ഭദ്രവുമായ അതിർത്തികൾ നിശ്ചയിക്കപ്പെട്ടു. അതിർത്തി കാക്കാൻ പട്ടാളം ഏർപ്പെടുത്തപ്പെട്ടു. അതിർത്തിക്ക് പുറത്തുനിന്ന് ആരും അകത്തുകടന്നുകൂടാ. ഭരണകൂടത്തിന്റെ അംഗീകാരമുള്ളവർ മാത്രമാണ് നാട്ടിലെ പൗരന്മാർ, അവർ മാത്രമാണ് നാടിന്റെ ഉടമകൾ. നാട്ടിലെ വിഭവങ്ങളെല്ലാം അവരുടേതു മാത്രമാണ്. സമ്പന്നമായ വൻശക്തി രാജ്യങ്ങൾ ദുർബലരായ ദരിദ്ര്യരാജ്യങ്ങളെ അവരുടെ ചൊൽപ്പടിക്ക് നിർത്താൻ അടിച്ചേൽപിക്കുന്ന ക്രൂരമായ ഉപരോധങ്ങൾ ഇതിനു പുറമെയാണ്. 1990-കളിൽ, ഇല്ലാത്ത ആണവ-രാസായുധങ്ങളുടെ പേരിൽ അമേരിക്കയും സഖ്യകക്ഷികളും ഇറാഖിനെതിരെ ഏർപ്പെടുത്തിയ ഉപരോധം മൂലം ആഹാരവും ഔഷധവും കിട്ടാതെ അഞ്ചുലക്ഷത്തിലേറെ ഇറാഖീ കുഞ്ഞുങ്ങൾ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഈ അതിർത്തികളും പൗരത്വ സങ്കൽപവുമെല്ലാം കൃത്രിമമാണ്, പ്രകൃതിവിരുദ്ധമാണ്. വൻശക്തി രാഷ്ട്രങ്ങളെയും അവശ രാഷ്ട്രങ്ങളെയും സമ്പന്ന സമൂഹങ്ങളെയും ദരിദ്ര സമൂഹങ്ങളെയുമെല്ലാം സൃഷ്ടിക്കുന്നത് കൃത്രിമവും പ്രകൃതിവിരുദ്ധവുമായ ഈ വ്യവസ്ഥകളാണ്. അതില്ലെങ്കിൽ മനുഷ്യവർഗത്തിൽപെട്ട എല്ലാവർക്കും നിർഭയമായി പാർക്കാൻ വേണ്ടതിലേറെ സ്ഥലം ഈ ഭൂമിയിലുണ്ട്. എല്ലാവർക്കും സുഭിക്ഷമായി ആഹരിക്കാനാവശ്യമായ വിഭവങ്ങൾ ഉൽപാദിപ്പിക്കാൻ വേണ്ടതിലേറെ കൃഷിഭൂമിയും വിളകളുമുണ്ട്. അതൊക്കെ എല്ലാവർക്കും പ്രയോജനപ്പെടാൻ മനുഷ്യർ അല്ലാഹുവിലേക്കു മടങ്ങണം. അവൻ പ്രഖ്യാപിച്ചിരിക്കുന്നു. وَالْأَرْضَ وَضَعَهَا لِلْأَنَامِ -'ഭൂമിയെ

അവൻ മനുഷ്യവർഗത്തിനായി സ്ഥാപിച്ചിരിക്കുന്നു' (55:10). ഏതെങ്കിലും നാട്ടുകാർക്കോ വംശത്തിനോ വർണത്തിനോ സമുദായത്തിനോ ഒന്നും അതിൽ കുത്തകാവകാശമില്ല. വർഗ-വർണ വ്യത്യാസമന്യേ മനുഷ്യവർഗത്തിലെ ഓരോ അംഗവും ഭൂമിയുടെ അവകാശിയാകുന്നു. أَنَام -ന് സൃഷ്ടികൾ എന്നും അർഥമാവാം. ആ അർഥത്തിലെടുത്താൽ, ഭൂമി മനുഷ്യർക്കുവേണ്ടി മാത്രമല്ല, അതിലെ സകല ചരാചരങ്ങൾക്കും വേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. ഭൂമിയും അതിലെ വിഭവങ്ങളും ശക്തന്മാർ കുത്തകയാക്കിയതും അധാർമികമായി കൈകാര്യം ചെയ്തതുമാണ് കരയിലും കടലിലും നാശം പരക്കാൻ കാരണം. കടലിനടിയിൽ ഭൂകമ്പങ്ങളുണ്ടാകുന്നു. കടൽ കരയിലേക്ക് തള്ളിക്കയറുന്നു. ധ്രുവപ്രദേശങ്ങളിലെ മഞ്ഞുമലകളുരുകി കടലിൽ ജലവിതാനമുയരുന്നു. കടൽ ജലത്തിന് അവിടവിടെ താപം വർധിക്കുന്നു. ഈ പ്രതിഭാസങ്ങളിലെല്ലാം മനുഷ്യന്റെ പ്രകൃതിവിരുദ്ധമായ വ്യവസായ പ്രവർത്തനത്തിനും അനിയന്ത്രിതമായ ഉപഭോഗതൃഷ്ണക്കും പങ്കുണ്ട്. 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ പ്രളയക്കെടുതികൾക്ക് കാരണമായത് വൻതോതിലുള്ള വനനശീകരണവും അനിയന്ത്രിതമായ പാറഖനനവും നദികളുടെ സ്വാഭാവികമായ ഒഴുക്ക് തടയുന്ന വമ്പിച്ച ജലവൈദ്യുത പദ്ധതികളുമാണെന്ന് ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാർ പറയുന്നു.

ഭൂമിയിലുള്ളതൊക്കെയും നിങ്ങൾക്ക്- മനുഷ്യർക്കു വേണ്ടി- സൃഷ്ടിച്ചതാണെന്ന് ഖുർആൻ പറയുന്നുണ്ട്- خَلَقَ لَكُم مَّا فِي الْأَرْضِ جَمِيعًا (2:29). അതോടൊപ്പം ഭൂമി മനുഷ്യർക്കും മനുഷ്യർക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട എല്ലാറ്റിനും വേണ്ടിയുള്ള സ്ഥാപനമാണെന്നും അറിഞ്ഞിരിക്കണം. ശാസ്ത്രഗവേഷണങ്ങളിലൂടെയും വ്യവസായ പ്രവർത്തനങ്ങളിലൂടെയും ജീവിതസൗകര്യങ്ങൾ വികസിപ്പിച്ച് നാഗരികവികാസം നേടുക മനുഷ്യധർമമാണ്. അതു പക്ഷേ, ഭൂമിയെ നശിപ്പിച്ചുകൊണ്ടാകരുത്. അതാണ് അല്ലാഹു പറഞ്ഞത്:

كُلُوا وَاشْرَبُوا مِن رِّزْقِ اللَّهِ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ

'അല്ലാഹുവിന്റെ വിഭവങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ ഭൂമിയിൽ നാശം പരത്തിക്കൂടാ' (2:60). ഭൂമിയിലുള്ള വിഭവങ്ങളെല്ലാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണെന്ന വിചാരമാണ് ഭൂമിയോട് നീതി ചെയ്യാൻ പ്രചോദിപ്പിക്കുക. ഖുർആൻ അക്കാര്യവും സൂചിപ്പിക്കുന്നുണ്ട്: فَاذْكُرُوا آلَاءَ اللَّهِ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ 'അല്ലാഹുവിന്റെ അനുഗ്രഹങ്ങളോർക്കുവിൻ. ഭൂമിയിൽ നാശകാരികളായി വിഹരിക്കാതിരിക്കുവിൻ.' അതും പോരാ, ഭൂമിയെയും അതിലെ വിഭവങ്ങളെയും എങ്ങനെ കൈകാര്യം ചെയ്തുവെന്ന് വിചാരണ ചെയ്യപ്പെടുന്ന ഒരു നാളിനെ അഭിമുഖീകരിക്കേണ്ടതുണ്ടെന്ന ബോധവും വേണം: وَارْجُوا الْيَوْمَ الْآخِرَ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ - 'അന്ത്യനാളിനെ പ്രതീക്ഷിച്ചിരിക്കുക, ഭൂമിയിൽ നാശകാരികളായി വിഹരിക്കാതിരിക്കുക'(29:36).

പ്രകൃത സൂക്തം ഉദ്ബോധിപ്പിക്കുന്ന സത്യം ഇതാണ്: ജീവിതത്തിന്റെ വ്യഷ്ടിഗതവും സമഷ്ടിഗതവും താത്ത്വികവും പ്രായോഗികവുമായ എല്ലാ രംഗങ്ങളെയും ജീർണത ബാധിച്ചിരിക്കുന്നു. മനുഷ്യന്റെ തന്നെ കർമദോഷങ്ങളാണതിനു കാരണം. അല്ലാഹുവിന്റെ- സാക്ഷാൽ ദൈവത്തിന്റെ- ഏകത്വത്തിലും പരമാധികാരത്തിലുമുള്ള വിശ്വാസത്തെ ആശ്രയിച്ചിരിക്കുന്നു ചിന്താപരവും ദാർശനികവുമായ സുബദ്ധത. കർമകാണ്ഡത്തിന്റെ സുബദ്ധതയാകട്ടെ ഇസ്‌ലാമിൽ- ജീവിതത്തെ പൂർണമായി ദൈവത്തിനു സമർപ്പിക്കുന്നതിൽ- അധിഷ്ഠിതമാകുന്നു. ഈ രണ്ടു കാര്യങ്ങൾ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിലൊന്നിന്റെ തകർച്ച മറ്റേതിന്റെ തകർച്ചയെ അനിവാര്യമാക്കും. രണ്ടും തകരുമ്പോൾ മർത്യജീവിതത്തിന്റെ എല്ലാ വശങ്ങളും നാശോന്മുഖമാകുന്നു. ഈ നാശഗതിക്കിടയിലും ജീവിതത്തിന് ബാഹ്യമായ ചില പകിട്ടുകളും താൽക്കാലികമായ ഭൗതിക നേട്ടങ്ങളും ഉണ്ടാവാം. ഭൗതിക ജീവിതത്തെ ബാഹ്യമാത്രമായി വീക്ഷിക്കുന്നവർ അതുകണ്ട് മനുഷ്യകുലം ഭൂമിയെ സ്വർഗമാക്കിക്കൊണ്ടിരിക്കുന്നുവെന്ന് വ്യാമോഹിക്കുകയാണ്.

ലോകത്തുളവാകുന്ന സകല കുഴപ്പങ്ങളും മനുഷ്യന്റെ ദുഷ്ചെയ്തികൾക്ക് ലഭിക്കുന്ന ശിക്ഷകളാണെങ്കിലും എല്ലാ ദുഷ്ചെയ്തികൾക്കും അവൻ ഈ ലോകത്തു തന്നെ ശിക്ഷിക്കപ്പെടുന്നില്ല. നേരത്തേ ഉദ്ധരിച്ച 42:30 സൂക്തത്തിൽ وَيَعْفُو عَن كَثِيرٍ - നിങ്ങളുടെ പെരുത്ത കുറ്റങ്ങൾ അവൻ മാപ്പാക്കുകയും ചെയ്യുന്നു- എന്ന വാക്യത്തിലൂടെ അത് വ്യക്തമാക്കിയിരിക്കുന്നു. തുടർന്ന് 42:34 ലും മനുഷ്യരുടെ പെരുത്ത കുറ്റങ്ങൾ മാപ്പാക്കുന്ന കാര്യം ആവർത്തിച്ചിട്ടുണ്ട്. മനുഷ്യരോട് അത്യധികം ദയയും കാരുണ്യവുമുള്ളനാണ് അല്ലാഹു- إِنَّ اللَّهَ بِالنَّاسِ لَرَءُوفٌ رَّحِيمٌ (2:143, 26:65) അവൻ അജയ്യനും പാപങ്ങൾ പൊറുക്കുന്നവനുമാകുന്നു- وَهُوَ الْعَزِيزُ الْغَفُورُ (67:2). സ്നേഹമയനും ഏറെ പൊറുത്തുകൊടുക്കുന്നവനുമാകുന്നു- وَهُوَ الْغَفُورُ الْوَدُودُ (85:14). അല്ലാഹു കരുണാമയനും ഏറെ പൊറുത്തു കൊടുക്കുന്നവനുമാകുന്നു- غفور رحيم എന്ന് ഖുർആൻ അടിക്കടി ആവർത്തിച്ചു പറയുന്നുണ്ട്. തന്റെ അപാരമായ നീതിനിഷ്ഠയും കനിവും കാരുണ്യവും താൽപര്യപ്പെടുന്നതിന്റെ പരമാവധി അവൻ സൃഷ്ടികൾക്ക് പൊറുത്തുകൊടുക്കുന്നു; ഇഹത്തിലും പരത്തിലും. സൂറ *അൽഫാത്വിർ* 45-ാം സൂക്തം പറയുന്നു:

وَلَوْ يُؤَاخِذُ اللَّهُ النَّاسَ بِمَا كَسَبُوا مَا تَرَكَ عَلَىٰ ظَهْرِهَا مِن دَابَّةٍ

'ആളുകൾ പ്രവർത്തിച്ചതിനൊക്കെ അവൻ അപ്പപ്പോൾ ശിക്ഷിക്കുകയായിരുന്നുവെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയും ബാക്കിയാകുമായിരുന്നില്ല.'

ഈ ലോകത്തനുഭവിച്ച രക്ഷാശിക്ഷകൾ പരലോകത്തെ വിചാരണയെയോ രക്ഷാശിക്ഷകളെയോ ബാധിക്കുന്നില്ല. ഇവിടെ രക്ഷപ്പെട്ട കുറ്റവാളികൾ പരലോകത്ത് മാപ്പു ലഭിച്ചില്ലെങ്കിൽ ശിക്ഷിക്കപ്പെടും. എന്നല്ല അവിടെയാണ് അതികഠിനവും അനന്തവുമായ യഥാർഥ ശിക്ഷ നേരിടേണ്ടിവരിക. وَلَعَذَابُ الْآخِرَةِ أَشَدُّ وَأَبْقَىٰ - 'പരലോക ശിക്ഷ തന്നെയാകുന്നു ഏറ്റം കൊടൂരവും അനന്തവുമായിട്ടുള്ളത്' (*ത്വാഹാ* 127).

ചില കർമദോഷങ്ങളുടെ തിക്തഫലം ഈ ലോകത്തു തന്നെ അനുഭവപ്പെടുന്നത്, മനുഷ്യനെ സ്വന്തം കർമങ്ങളെക്കുറിച്ച് പുനരാലോചിക്കാനും തിന്മകളിൽനിന്ന് നന്മകളിലേക്ക്- പ്രകൃതിപരമായ സംസ്കൃതിയിലേക്ക് തിരിച്ചുവരാൻ പ്രേരിപ്പിക്കേണ്ടതിനുമാണെന്ന് ഉദ്ബോധിപ്പിക്കുകയാണ് لَعَلَّهُمْ يَرْجِعُونَ എന്ന വാക്യം.

ഈ സൂക്തം അവതരിച്ച റോമാ-പേർഷ്യൻ യുദ്ധകാലം, ഇതിൽ സൂചിപ്പിക്കുന്ന കരയിലെയും കടലിലെയും വിനാശം ഖുറൈശികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന പശ്ചാത്തലമായിരുന്നു. വ്യാപാരമായിരുന്നുവല്ലോ അവരുടെ ഉപജീവനമാർഗം. അയൽപ്രദേശത്ത് രണ്ടു മഹാസാമ്രാജ്യങ്ങൾ തമ്മിൽ നടത്തുന്ന യുദ്ധം കര വഴിയും കടൽ

വഴിയുമുള്ള അവരുടെ വ്യാപാര യാത്രകളെ പ്രതികൂലമായി ബാധിച്ചു. പ്രവാചക സമൂഹങ്ങൾ രണ്ടുതരം ശിക്ഷ നേരിടാറുണ്ട്; ഒന്ന് താക്കീതിന്റെയും മുന്നറിയിപ്പിന്റെയും സ്വഭാവത്തിലുള്ളതാണ്. അത് യാഥാർഥ്യത്തിലേക്ക് മടങ്ങാനുള്ള പ്രേരണയാണ് - لَعَلَّهُمْ يَرْجِعُونَ ഇത്തരം ശിക്ഷകൾ അധർമത്തിൽ അതിരുവിടുന്ന എല്ലാ സമുദായങ്ങളും നേരിടേണ്ടിവരും; എന്നും നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. ഈ ഇനത്തിൽപെട്ട ശിക്ഷകളാണ് ഖുറൈശികൾ നേരിട്ടുകൊണ്ടിരുന്നത്. ഉന്മൂലനാശമാണ് ശിക്ഷയുടെ രണ്ടാമത്തെ രൂപം. അധർമങ്ങളും അക്രമങ്ങളും ജീവിതചര്യയാക്കുകയും പ്രവാചകന്മാരെ രൂക്ഷമായി തള്ളിപ്പറയുകയും ദ്രോഹിക്കുകയും ചെയ്തുകൊണ്ട് തങ്ങൾ ഉന്മൂലനം ചെയ്യപ്പെടാൻ അർഹരായിരിക്കുന്നുവെന്ന് സ്വയം വിളിച്ചറിയിക്കുന്നവരെയാണ് ഈ ശിക്ഷ ബാധിക്കുക. അങ്ങനെ അവർ ഭൂമിയിൽനിന്ന് തുടച്ചുനീക്കപ്പെടുന്നു. ഖുറൈശികൾക്ക് ഈ വിനാശം നേരിടേണ്ടിവന്നില്ല. ആദ്യകാലത്ത് ഒറ്റയും തെറ്റയുമായും പിന്നീട് കൂട്ടത്തോടെയും അവർ ഇസ്‌ലാമിനെ ജീവിതക്രമമായി അംഗീകരിക്കുകയായിരുന്നു. ●

قُلْ سِيرُوا فِي الْأَرْضِ فَانظُرُوا كَيْفَ كَانَ عَاقِبَةُ الَّذِينَ مِن قَبْلُ ۚ كَانَ أَكْثَرُهُم مُّشْرِكِينَ ﴿٤٢﴾

42. പ്രവാചകൻ ജനത്തെ ഉദ്ബോധിപ്പിക്കുക: നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുവിൻ. എന്നിട്ട് പൂർവസമുദായങ്ങളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുവിൻ. അവരിലധികവും ബഹുദൈവാരാധകരായിരുന്നു.

**42**

قُلْ = നീ പറയുക (പ്രവാചകൻ ജനത്തെ ഉദ്ബോധിപ്പിക്കുക)

سِيرُوا فِي الْأَرْضِ = നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുവിൻ

فَانظُرُوا = എന്നിട്ട് നോക്കുവിൻ (പരിശോധിക്കുവിൻ) كَيْفَ كَانَ = എങ്ങനെയായിരുന്നുവെന്ന്

عَاقِبَةُ الَّذِينَ مِن قَبْلُ = മുമ്പുള്ളവരുടെ (പൂർവസമുദായങ്ങളുടെ) പര്യവസാനം

كَانَ أَكْثَرُهُم = അവരിലധികവും ആയിരുന്നു مُّشْرِكِينَ = മുശ്‌രിക്കുകൾ, ബഹുദൈവാരാധകർ

പ്രവാചകന്റെ ധർമോപദേശങ്ങൾ തള്ളിക്കളയുന്ന അവിശ്വാസികൾക്ക് മുൻസൂക്തം പ്രസ്താവിച്ച സത്യങ്ങൾ ഇനിയും ബോധ്യമാകുന്നില്ലെങ്കിൽ പ്രവാചകൻ അവരെ ഉദ്ബോധിപ്പിച്ചു നോക്കുക: നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ച് അക്രമവും അധർമവും അനുവർത്തിച്ച പൂർവസമുദായങ്ങളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് പഠിക്കുക. അവരിലധികമാളുകളും നിങ്ങളെപ്പോലെ ബഹുദൈവവിശ്വാസികളും വിഗ്രഹാരാധകരുമായിരുന്നു. ഈ അന്ധവിശ്വാസമായിരുന്നു അവരെ അക്രമങ്ങളിലേക്കും അനാചാരങ്ങളിലേക്കും തള്ളിവിട്ടത്. അതിന്റെ ഫലമായിരുന്നു അവർ നേരിട്ട ദുരന്തം. നാമാവശേഷമായ സമുദായങ്ങളുടെ ചരിത്രം പഠിച്ചു നോക്കിയാൽ അക്കാര്യം അനായാസം മനസ്സിലാകും. كَانَ أَكْثَرُهُم مُّشْرِكِينَ എന്ന വാക്യം പലരീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു: 1) നിങ്ങളുടെ കൂട്ടത്തിൽ ചുരുക്കം ചിലർ പ്രവാചകനിൽ വിശ്വസിക്കുകയും ധർമതത്ത്വങ്ങൾ പാലിക്കുകയും ചെയ്യുന്നതുപോലെ ആ സമുദായങ്ങളിലും സത്യധർമങ്ങൾ അനുസരിക്കുന്ന കുറച്ചാളുകളുണ്ടായിരുന്നു. പക്ഷേ സമൂഹത്തെ സമഗ്രമായി ബാധിക്കുന്ന ദുരന്തത്തിൽ അവരും അകപ്പെട്ടുപോയി. 2) നശിപ്പിക്കപ്പെട്ട സമുദായങ്ങളിൽ വിരളമായി സജ്ജനങ്ങളും ഉണ്ടായിരുന്നു. അവരെ അല്ലാഹു ദുഷ്ടജനത്തിൽനിന്ന് വേർപ്പെടുത്തി രക്ഷിച്ചിട്ടുണ്ട്. 3) നശിച്ചുപോയ സമുദായങ്ങളിൽ ഏറെയും ബഹുദൈവാരാധകരായിരുന്നു. എങ്കിലും എല്ലാവരുടെയും നാശകാരണം ബഹുദൈവാരാധനയായിരുന്നില്ല. ഏറ്റവും വലിയ അക്രമം അല്ലാഹുവിനെ വെടിഞ്ഞ് അവന്റെ സൃഷ്ടികളെ ദൈവങ്ങളാക്കൽ തന്നെയാണ്. എന്നാൽ അതിനു താഴെയും വിനാശകരമായ പല പാപങ്ങളുണ്ട്. ഇബ്നു ആശൂർ പറയുന്നു: 'ദുരന്തപര്യവസാനമുണ്ടായ പൂർവസമുദായങ്ങളിൽ ഏറിയ കൂറും മുശ്‌രിക്കുകളായി എന്നതു തന്നെയാണ് അതിനു കാരണമായത്. അടിസ്ഥാനപരമായി മുശ്‌രിക്കുകളല്ലാത്ത ചുരുക്കം ചില സമുദായങ്ങളും അവർ ചെയ്ത കൊടിയ അധർമങ്ങളും അക്രമങ്ങളും മൂലവും, അതിൽനിന്ന് പിന്തിരിയാൻ ഉപദേശിച്ച പ്രവാചകന്മാരെ തള്ളിപ്പറഞ്ഞു ദ്രോഹിച്ചതു മൂലവും ശിക്ഷിക്കപ്പെട്ടിരിക്കുന്നു. മിദ്യാൻ വാസികളുടെ നാശവും സാബത്ത് നിയമം ലംഘിച്ച യഹൂദരുടെ- أصحاب السبت നാശവും ഇതിനുദാഹരണമാകുന്നു.' ●

●● Matrimonial
സലഫി കുടുംബത്തിലെ യുവതി (21). B.Tech (EEE). M.Tech. കോച്ചിംഗ്. തടിച്ച ശരീരപ്രകൃതം, ഇരുനിറം. ഉൽപതിഷ്ണുക്കളായ യുവാക്കളുടെ ആലോചനകൾ ക്ഷണിക്കുന്നു. കോഴിക്കോട്, മലപ്പുറം ജില്ലക്കാർക്ക് മുൻഗണന.
9567368655